(സി) കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, ട്രെഡ് റബ്ബർ ഫാക്ടറി എന്നിവ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോമ്പൗണ്ടിംഗ് മിക്സിംഗ് പ്ലാന്റ് എം.ആർ.എഫ്.-മായി കരാറിലേർപ്പെട്ട് സുഗമമായി പ്രവർത്തിച്ചു വരുന്നു. ട്രെഡ് റബ്ബർ ഫാക്ടറിയിലെ ഉൽപ്പന്നങ്ങൾക്ക് അമേരിക്ക തുടങ്ങിയ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതിക്കുള്ള ഓർഡർ ലഭിച്ചിട്ടുണ്ട്.

(ഡി) പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണ ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും വിപണിയിൽ എത്തിച്ചിട്ടുണ്ട്. "ന്യൂട്രികോ" എന്ന പേരിൽ വെളിച്ചെണ്ണയും, പച്ചത്തേങ്ങയിൽ നിന്നുള്ള വെളിച്ചെണ്ണ ഉപയോഗിച്ച് "ലഷ്" എന്ന പേരിൽ ബേബി ഓയിൽ, മസാജ് ഓയിൽ, ഹെയർ ടോണിക് എന്നിവയും വിപണിയിൽ ലഭ്യമാണ്. ഇവയ്ക്ക് കൂടുതൽ മെച്ചപ്പെട്ട വിപണി കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്.

(ഇ) എൻ.സി.ഡി.പി. പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയശേഷം യൂണിറ്റുകൾ ഒന്നൊന്നായി ലാഭത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതുവഴി സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവരുന്നു.

ജൈവ കൃഷി വ്യാപകമാക്കുന്നതിന് പദ്ധതി

11(*281) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ കൃഷി വ്യാപകമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) നബാർഡിന്റെ സഹായത്തോടെ പ്രസ്തുത രംഗത്ത് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇതുവരെ എത്ര കർഷകരെ ജൈവകൃഷി സമ്പ്രദായത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നബാർഡിന് പുറമേ മറ്റെതൊക്കെ ബാങ്കുകളും സ്വയം സഹകരണ സംഘങ്ങളും പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജൈവകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പരിശീലനം നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, നടപ്പിലാക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക വ്യവസ്ഥയെ സുസ്ഥിരവും ലാഭകരവും മത്സരക്ഷമതയാർന്നതും വിഷവിമുക്തമായ മണ്ണ്, വെള്ളം, ഭക്ഷണം എന്നിവ പ്രദാനം ചെയ്യാൻ സഹായിക്കുന്നതുമായ ഒരു ജൈവ കാർഷിക നയത്തിന് രൂപം നൽകിയിട്ടുണ്ട്. ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പുവർഷം സംസ്ഥാന ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ, ദേശീയ ജൈവകൃഷി പദ്ധതിയുടെ ഭാഗമായി 34.96 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം 100 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്ത് 14 ജില്ലകളിലെ 20 ബ്ലോക്കുകളിൽപ്പെട്ട 20 കൃഷി ഭവനുകളിലായി 900 ഹെക്ടർ സ്ഥലത്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഒരു പഞ്ചായത്തിലെ 45 ഹെക്ടർ സ്ഥലത്തെ കർഷകരെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ജൈവകൃഷി നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം ഹെക്ടറിനു 10,000 രൂപ ധനസഹായം നല്കുന്നു. കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നല്കുകയും അതുവഴി കൂടുതൽ കർഷകരേയും പദ്ധതിയുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥരേയും ബോധവൽക്കരിക്കുകയും, ജൈവകൃഷി സാങ്കേതിക വിദ്യയിൽ അവരെ സുസജ്ജരാക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നടപ്പുസാമ്പത്തിക വർഷം ദേശീയ ജൈവകൃഷി പദ്ധതിയുടെ ഭാഗമായി 34.96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനത്തിനായുള്ള പരിശീലനം, ഉദ്യോഗസ്ഥരുടെ പരിശീലനം, കർഷകരുടെ പരിശീലനം എന്നീ പരിപാടികൾക്കായി വിനിയോഗിക്കുന്നു.

(ബി) നബാർഡിന്റെ സഹായത്തോടെ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) ഏകദേശം രണ്ടായിരത്തോളം കർഷകരെ ജൈവകൃഷി സമ്പ്രദായത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ഡി) നബാർഡ്, ബാങ്കുകൾക്ക് സ്വയം സഹകരണ സംഘങ്ങൾ തുടങ്ങിയവ പദ്ധതിയിൽ പങ്കാളികളായിട്ടില്ല.

(ഇ) നടപ്പുവർഷം സംസ്ഥാന ബഡ്ജറ്റിൽ ജൈവകൃഷിക്കായി വകകൊള്ളിച്ചിട്ടുള്ള 100 ലക്ഷം രൂപ പരിശീലനം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾക്കാണ് വിനിയോഗിക്കാൻ വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ കേന്ദ്ര സർക്കാർ ദേശീയ ജൈവകൃഷി പദ്ധതിപ്രകാരം അനുവദിച്ച 34.96 ലക്ഷം രൂപ വിവിധ പരിശീലന പദ്ധതികൾക്കായാണ് വിനിയോഗിക്കുന്നത്. വിവിധ പരിശീലന പരിപാടികൾ, റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിങ് സെന്റർ (ആർ.എ.റ്റി.റ്റി.സി.)/സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മാനേജ്മെന്റ് ആന്റ് എക്സ്റ്റെൻഷൻ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് (സമേതി)/ കൃഷി വിജ്ഞാൻ കേന്ദ്ര (കെ.വി.കെ.) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി (കെ.എ.യു)/ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) എന്നീ സ്ഥാപനങ്ങൾ മുഖേന നല്കാനാണ് ഉദ്ദേശിക്കുന്നത്.

നെൽ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുവാൻ നടപടി

12(*282) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മേൽത്തരം നെൽ വിത്തുകൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly